**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2914**

**18.08.2017-ൽ മറുപടിയ്ക്ക്**

## താനൂരിലെ മത്സ്യബന്ധന തുറമുഖ നിർമ്മാണം

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. വി. അബ്ദുറഹിമാൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | താനൂരിൽ നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ നിലച്ച അവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവൃത്തി ഈ അവസ്ഥയിലെത്താനുള്ള കാരണങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ പൂർത്തീകരണത്തിന് പുലിമുട്ടുകളുടെ രൂപരേഖയിൽ ചില മാറ്റങ്ങൾ മാതൃകാപഠന ഏജൻസിയായ സി.ഡബ്ല്യൂ.പി. ആർ.എസ് പൂനെ ശുപാർശ ചെയ്തിട്ടുണ്ട്. ഇത് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ അംഗീകാരം ലഭിക്കുകയുണ്ടായിട്ടില്ല. നാളിതുവരെയുള്ള നിർമ്മാണ ചെലവ് ഭരണാനുമതി തുക അധികരിച്ചിട്ടുള്ളതിനാൽ ശേഷിക്കുന്ന പ്രവർത്തി ആരംഭിക്കുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടതുണ്ട്. റിക്ലമേഷൻ പ്രവൃത്തി പ്രാദേശിക എതിർപ്പുമൂലം പലപ്പോഴായി തടസ്സപ്പെടുകയുണ്ടായി. ഇത് ഹാർബറിന്റെ നിർമ്മാണ പുരോഗതിയെ ബാധിക്കുകയുണ്ടായി. |
| (സി) | നിർമ്മാണ പ്രവൃത്തികൾ തുടരാതിരിക്കത്തക്ക വിധം നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; | (സി) | പുതുക്കിയ ഭരണാനുമതി ലഭ്യമായാൽ മാത്രമേ ഇനിയും ഈ പദ്ധതി തുടരാൻ സാധിക്കുകയുള്ളൂ. ഭരണാനുമതി തുകയ്ക്കുള്ളിൽ ഇപ്പോൾ തന്നെ പേയ്മെന്റ് നൽകി കഴിഞ്ഞു. പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭ്യമായാൽ മാത്രമെ ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുവാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ അധികരിച്ച തുകയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സംസ്ഥാന സർക്കാർ അംഗീകരിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ ശേഷിക്കുന്ന പ്രവർത്തിയുള്ള എസ്റ്റിമേറ്റ് **KIIFB-**യിൽ ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ഡി) | പുതുക്കിയ എസ്റ്റിമേറ്റിന് ഇപ്പോൾ അംഗീകാരം ലഭിച്ചാൽ പദ്ധതി **2018-**ഡിസംബറിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. |
| (ഇ) | താനൂർ ഹാർബറിന്റെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ